(സി) ലാസ്റ്റ് ഗ്രേഡിലെങ്കിലും ഉൾപ്പെടുത്തി നിയമനം നൽകണമെന്ന് കാണിച്ച് ശ്രീ. കൃഷ്ണകുമാർ 24.3.1999-ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, അതിന്മേൽ അനന്തരനടപടികൾ നടന്നുവരുന്നതുമാകുന്നു.

(ഡി) ആശ്രിത നിയമനം സംബന്ധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥകൾ അനുസരിച്ച് ശ്രീ. കൃഷ്ണകുമാറിന്റെ സീനിയോറിട്ടി എത്തുന്നമുറയ്ക്ക് ടിയാനും നിയമനം ലഭിക്കുന്നതാണ്. എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ ഇടപെടാൻ നിയമം അനുവദിക്കുന്നില്ല.

101 (1833) ബോട്ടു ഗതാഗതം കാര്യക്ഷമമാക്കാൻ നടപടി

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ പയ്യന്നൂർ നിയോജകമണ്ഡലങ്ങളിൽപ്പെടുന്ന കൊറ്റി-കോട്ടപ്പുറം ബോട്ട് റൂട്ടിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ബോട്ട് ജെട്ടികൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) അവ ഓരോന്നിന്റേയും നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) ഈ റൂട്ടിൽ കൂടുതൽ ബോട്ടുകൾ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജനകീയ താൽപ്പര്യം മാനിച്ച് ജലസേചന വകുപ്പാണ് ജെട്ടികൾ നിർമ്മിക്കുന്നത്. എത്ര ബോട്ട് ജെട്ടികൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് ജലസേചന വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ജലസേചന വകുപ്പിൽനിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി)&(ഡി) ഉണ്ട്. സുൽത്താൻ കനാൽ തുറന്നതോടുകൂടി പറശ്ശിനിക്കടവ്-കോട്ടപ്പുറം സർവ്വീസ് തുടങ്ങിയിട്ടുണ്ട്. ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് മൂന്നു ബോട്ടുകൾ കൂടി നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

102 (1834) കാർഷിക മേഖലാ വിസ്തൃതി

<u>ശ്രീ. കെ. നാരായണക്കുറുപ്പ് :</u>
<u>ശ്രീ. മാമ്മൻ മത്തായി :</u>
<u>ശ്രീ. കെ.എം. മാണി :</u>
<u>ശ്രീ. സി.എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടത്തുന്നതിന് സർക്കാരിന് പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് മൊത്തം എത്ര ലക്ഷം ആളുകൾ കൃഷി ഭൂമി കൈവശക്കാരായി ഉണ്ടെന്നും ഇതിൽ ഒരേക്കറിന് മുകളിലുള്ളവർ, ഒരേക്കറിന് താഴെയുള്ളവർ, എന്നിവരുടെ കണക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) 1990 മുതൽ വിവരങ്ങൾ ലഭ്യമായ കാലയളവുവരെ കാർഷിക മേഖലാ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നീ രംഗങ്ങളിൽ കൈവരിച്ച വളർച്ചയും നേരിട്ട തളർച്ചയും എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നെൽക്കൃഷിമേഖലയിലെ നിലം ഒരുക്കൽ, ഞാറു നടീൽ, കൊയ്ത്ത്, മെതി, പാറ്റൽ തുടങ്ങിയ രംഗങ്ങളിൽ യന്ത്രവൽക്കരണം നടത്താനുള്ള പദ്ധതികൾ ഉണ്ട്.

(ബി) വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

1. നൂതനവും അനുയോജ്യവുമായ യന്ത്രങ്ങൾ/ഉപകരണങ്ങൾ സ്വായത്തമാക്കുക അവ കർഷകർക്കിടയിൽ പ്രചരിപ്പിക്കുക.

2. നമ്മുടെ കൃഷിയിടങ്ങൾക്ക് അനുയോജ്യമായ കാർഷികയന്ത്രങ്ങൾ/ഉപകരണങ്ങൾ പരിഷ്കാരം വരുത്തി പ്രയോഗത്തിൽ വരുത്തുക.

3. പാടശേഖരസമിതികൾ വഴി യന്ത്രവൽക്കരണം നടപ്പിലാക്കുക.

4. ഗ്രാമ പഞ്ചായത്തുകൾ/സഹകരണബാങ്കുകൾ/കർഷകസമിതികൾ കർഷക സൊസൈറ്റികൾ തുടങ്ങിയവയ്ക്ക് പവ്വർ ടില്ലറുകൾ, മെതിയന്ത്രങ്ങൾ ഇവ സൗജന്യമായി നൽകി അവ കർഷകർക്ക് വാടകയ്ക്ക് നൽകുക.

(സി) ഈ വിധത്തിലുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമല്ല. എന്നാൽ സംസ്ഥാനത്ത് മൊത്തത്തിൽ 54.19 ലക്ഷം കൃഷിയിടങ്ങൾ (ഓപ്പറേഷനൽ ഹോൾഡിംഗ്സ്) നിലവിലുണ്ട്. ആയതിനാൽ 50.16 ലക്ഷം കൃഷിയിടങ്ങളും 1 ഹെക്ടറിൽ താഴെ മാത്രം ഉള്ള നാമമാത്ര കർഷകരുടെ പക്കലാണ് (1990-91)-ലെ കാർഷിക കാനേഷുമാരി പ്രകാരം)

(ഡി) 1990-91-ലേയും 1996-97-ലേയും കണക്കുകൾ പരിശോധിക്കുമ്പോൾ മൊത്തം കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 3019980 ഹെക്ടറിൽ നിന്നും 3021224 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. 1990-91 മുതൽ 1997-98 വരെയുള്ള കാലയളവിൽ വിവിധ വിളകളുടെ വിസ്തൃതി ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ കൂടിയും കുറഞ്ഞിട്ടും ഉണ്ട്. 1990-91, 1997-98 വർഷങ്ങളിലെ കാർഷിക വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

103 (1835) കാർഷിക മേഖലയിൽ യന്ത്രവൽക്കരണം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly